(ഇ) ഇനിയും കാർഡിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കപ്പെടാതെ കിടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(എഫ്) അവർക്കുകൂടി കാർഡ് നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) 385 എണ്ണം.

(ബി) കാർഡിനുവേണ്ടിയുള്ള അപേക്ഷാഫാറത്തിൽ ജാതി ചോദിച്ചിട്ടില്ലാത്തതിനാൽ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(സി), (ഡി) എല്ലാ താൽക്കാലിക കാർഡുകളും മാറ്റി സ്ഥിര കാർഡുകൾ നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

മടവൂർ പഞ്ചായത്തിൽ വിതരണം ചെയ്ത താൽക്കാലിക റേഷൻ കാർഡുകൾ

578 [734] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ മടവൂർ പഞ്ചായത്തിൽ വിതരണം ചെയ്ത താൽക്കാലിക റേഷൻ കാർഡുകൾ എത്ര ;

(ബി) ഇതിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് വിതരണം ചെയ്തതെത്ര ;

(സി) താൽക്കാലിക കാർഡുകൾ വിതരണം ചെയ്തതിൽ എത്ര പേർക്ക് സ്ഥിരമായ കാർഡ് വിതരണം നടത്തിയിട്ടുണ്ട് ;

(ഡി) താൽക്കാലിക കാർഡുകൾ നൽകിയിട്ടുള്ളവർക്ക് സ്ഥിരമായ കാർഡുകൾ നൽകാൻ ഇതിനകം എന്തൊക്കെ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇനിയും കാർഡിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കപ്പെടാതെ കിടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(എഫ്) അവർക്കുകൂടി കാർഡ് നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 148 എണ്ണം.

(ബി) റേഷൻ കാർഡിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷയിൽ ജാതി ചോദിച്ചിട്ടില്ലാത്തതിനാൽ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(സി,ഡി) എല്ലാ താൽക്കാലിക കാർഡുകളും സ്ഥിരം കാർഡാക്കി മാറ്റി കൊടുത്തിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly